# വാട്സാപ് ഉണ്ടാക്കട്ടെ വാക്കുകൾ

മലയാളഭാഷ വളർത്തുന്നതിലും തളർത്തുന്നതിലും പത്രങ്ങൾക്ക് വലിയ പങ്കുണ്ട്. പത്രങ്ങളുമായി നിരന്തരം ഇടപെടുന്ന നമ്മുടെ സംസാരഭാഷയിൽ പോലും അതിന്റെ സ്വാധീനമുണ്ട്. പലപ്പോഴും അത് വികലമാവാറുണ്ട് എന്നത് വേറെക്കാര്യം. ബോംബെയിൽ വെച്ച് കുറേ കാലം മുമ്പ് ഒരാളോട് 'ഇന്നിങ്ങ്സ് പരാജയം' എന്നു ഞാൻ പറഞ്ഞപ്പോൾ അയാൾ തലയറഞ്ഞു ചിരിച്ചത് ഇപ്പോഴും ഓർമ്മയുണ്ട്.

അതിലും വലിയ തമാശച്ചിരിയുണ്ടാക്കിയത് ചരിത്രപേടകം എന്ന വാക്കായിരുന്നു. ഇന്ദിരാ ഗാന്ധി ചുവപ്പു കോട്ടയിൽ കുഴിച്ചിട്ട Time Capsule-ന് മലയാളം പത്രങ്ങൾ കണ്ടുപിടിച്ച വാക്ക് അതായിരുന്നു. ടി പേടകം ഇപ്പോൾ വാർത്തയിൽത്തന്നെ ഇല്ലാതായതുകൊണ്ട് ആ വാക്കും കുഴിച്ചുമൂടപ്പെട്ടുവെന്നു മാത്രം.

പാഞ്ഞാളിലെ അതിരാത്രം നടക്കുന്ന സമയത്ത് യജമാനപത്നി തീണ്ടാരിയായപ്പോൾ അതെങ്ങനെ എഴുതണമെന്നറിയാതെ പത്രങ്ങൾ കുഴങ്ങി. പുറത്തായി എന്നു പറഞ്ഞാൽ മനസ്സിലാവാതെ വരും. തീണ്ടാരിയായി എന്നെഴുതിയാൽ അശ്ലീലമാവുമോ എന്ന പേടിയും. തൃശ്ശൂരിൽനിന്നിറങ്ങുന്ന എക്സ്പ്രസ് പത്രം രജസ്വല എന്ന വാക്ക് ഉപയോഗിച്ചു. പിന്നെയത് മറ്റു പത്രങ്ങളും ഏറ്റെടുത്തു. അതോടെ രജസ്വല എല്ലാവർക്കും പ്രിയമായി. പെൺകുട്ടികൾക്ക് പേരിടുന്നതുവരെ അത് എത്തിയെന്ന് തമാശയായി പറയാറുണ്ട്.

പറഞ്ഞുവന്നത് ഇതാണ്: പദക്ഷാമം കൊണ്ട് ഉഴലുന്ന നമ്മുടെ ഭാഷയ്ക്ക് പുതിയ വാക്കുകൾ സമ്മാനിയ്ക്കാനും അത് പ്രയോഗത്തിലാക്കാനും കഴിയുന്നത് ഇന്ന് പത്രങ്ങൾക്കാണ്. Speed Governor എന്ന പദത്തിന് എത്ര വേഗമാണ് മലയാള മനോരമ വേഗപ്പൂട്ട് ഉണ്ടാക്കിയത്! ഭാഷയുടെ പൂട്ടു തുറക്കാൻ പത്രങ്ങൾക്കാണ് കഴിയുക എന്നതിന് ഇതിൽക്കൂടുതൽ ഉദാഹരണങ്ങൾ വേണോ?

പത്രങ്ങൾ പക്ഷേ പലപ്പോഴും നിരുത്തരവാദപരമായാണ് പെരുമാറുന്നത്. ഭാഷയിലുള്ള വാക്കുകൾ തന്നെ ഉപയോഗിയ്ക്കാൻ അവർക്കു മടിയാണ്. എത്രയോ പത്രങ്ങൾ അടുത്ത കാലം വരെ ഇലക്ഷൻ എന്ന് എഴുതിയിരുന്നത് തിരഞ്ഞെടുപ്പ് എന്ന വാക്ക് അറിയാതിരുന്നിട്ടൊന്നുമല്ലല്ലോ. യൂണിവേഴ്സിറ്റിയ്ക്കു നീളം കൂടതലായതുകൊണ്ട് അത് വാഴ്സിറ്റിയാക്കി. അത് ഇംഗ്ലീഷ് പത്രങ്ങളിൽനിന്ന് നേരിട്ടുള്ള പകർപ്പായിരുന്നു. സർവ്വകലാശാല എന്ന അത്ര മോശമൊന്നുമല്ലാത്ത മലയാളം നമുക്കുണ്ട്. ഇനി ഇതിനും നീളം കൂടുതലാണ് എങ്കിൽ കലാശാല എന്നു മാത്രം എഴുതുക. അതിനും നീളം കൂടുതലാണെങ്കിൽ സ. ശാല എന്ന് എഴുതിയാൽ മതിയല്ലോ. നാലു വട്ടം കണ്ടാൽപ്പിന്നെ നമ്മൾ അത് സർവ്വകലാശാല എന്നു വായിച്ചോളും. പിന്നെ എന്തിനാണ് ആണും പെണ്ണും കെട്ട ഈ വാഴ്സിറ്റി?

പത്രങ്ങൾ മാത്രമല്ല ചാനലുകളും ഇന്ന് മലയാളം മറന്ന മട്ടാണ്. മലയാളം ഉപയോഗിയ്ക്കരുത് എന്നു നിർബ്ബന്ധം ഉള്ളതു പോലെയാണ് അവർക്ക്. ചാനലുകളുടെ പേരുകൾ പോലും അധികവും ഇംഗ്ലീഷിലാണ്. Flowers, People, India Vision, Media One, Reporter, TV New എന്നു തുടങ്ങി പലതും. മഴവിൽ മനോരമ എന്ന മനോഹരമായ പേരിട്ട മനോരമയുടെ വാർത്താ ചാനലിന്റെ പേര് Manorama News എന്നാണ്. Mathrubhumi News-ഉം അങ്ങനെത്തന്നെ. വാർത്ത എന്ന ഒരു വാക്ക് നമുക്ക് ഇല്ലാത്തതു പോലെ!

അതിലും ഭയങ്കരമാണ് അതിലെ പരിപാടികളുടെ പേരുകൾ. ഇംഗ്ലീഷ് മയം! പ്രധാനവാർത്തകൾ എന്നതിനു പകരം Headlines എന്ന് എഴുതിക്കാണിച്ചാലേ ചാനലുകൾക്ക് തൃപ്തിയാവൂ. വാർത്തകളുടെ തലക്കെട്ടുകൾ മലയാളത്തിൽത്തന്നെയാണെങ്കിലും അവ Breaking News, News Flash, Lead News എന്നിങ്ങനെയുള്ള ഇംഗ്ലീഷ് വാക്കുകൾക്കു താഴെയാണ് പ്രത്യക്ഷപ്പെടുക. ഇംഗ്ലീഷും മലയാളവും കൂടിക്കലരുന്നതിലെ അഭംഗിയൊന്നും അവർക്കു പ്രശ്നമല്ല. 'വൈകിക്കിട്ടിയത്' എന്നോ 'ഇപ്പോൾ കിട്ടിയത്' എന്നോ ഒക്കെ ലളിതമായി ഉപയോഗിയ്ക്കാവുന്നതല്ലേയുള്ളു? പക്ഷേ അവയും മലയാളമായിപ്പോയല്ലോ!

വാർത്തകളിൽ മാത്രമല്ല. മിക്കവാറും പരിപാടികൾക്കൊക്കെ ഇംഗ്ലീഷ് പേരുകളാണ്. Counter Point, Fast Track, Ladies First, E-buz, Flavours of India, Big Screen, Box Office, Music Time, Star Singer, Best Actor, Super Star, Vote-n-Talk എന്നിങ്ങനെ ആ പട്ടിക വളരെ നീണ്ടതാ

ണ്. അതിലെ ചില പേരുകൾ എടുത്തു പറഞ്ഞുവെന്നേയുള്ളു. ഇതിനൊക്കെ പകരം മലയാളവാക്കുകൾ കണ്ടെത്താൻ കഴിയാഞ്ഞിട്ടാണോ? ഇംഗ്ലീഷിനാണ് അന്തസ്സ് എന്ന ധാരണയല്ലേ ഇത്തരം പേരുകൾ തന്നെ ഉപയോഗിയ്ക്കാനുള്ള കാരണം?

ഇതിനൊക്കെ പുറമേയാണ് പരസ്യങ്ങളിലെ മണിപ്രവാളം. 'ഓരോ പർച്ചേയ്സുകൾക്കും' എന്ന ഒരു സ്ഥിരം പ്രയോഗമുണ്ട്. അതിലെ വ്യാകരണപ്പിശകു പോട്ടെ. എന്തിനാണ് ഈ പർച്ചേയ്സ്? സംഗതി ശരിയാണ്. Sale-ന് വിൽപനയുള്ളതു പോലെ Purchaseന് നമുക്കു മലയാളം ഇല്ല. വാങ്ങൽ എന്നു പറയുന്നത് അത്ര സുഖമുള്ളതല്ല. 'വിൽപന'യാവാമെങ്കിൽ നമുക്ക് 'വാങ്ങന'യുമാവാമല്ലോ. ആദ്യം കേട്ടാൽ ചിരി വന്നുവെന്നു വരും. തുടർച്ചയായി അതു കാണുകയും വായിയ്ക്കുകയും ചെയ്താൽ തനിയെ അതിലെ പൊരുത്തക്കേടു മാറും. നമുക്ക് നല്ലൊരു വാക്ക് കിട്ടുകയും ചെയ്യും. ('പട്ടുസാരികൾ പർച്ചേയ്സ് ചെയ്യൂ' എന്ന വൃത്തികെട്ട പ്രയോഗവും ധാരാളം കാണാറുണ്ട്.)

പരസ്യങ്ങളിൽ 'ഓരോ ഐറ്റംസുകൾക്കും' എന്നും കണ്ടിട്ടുണ്ട്. വ്യാകരണപ്പിശക് ഇവിടേയുമുണ്ട്. ഇവിടെ വാക്കില്ലാത്തതു പോലുമല്ല പ്രശ്നം. ഇനം എന്ന വാക്ക് ഒരു കാലത്ത് നമ്മൾ സുഖമായി ഉപയോഗിച്ചിരുന്നതാണ്. വാക്കുകൾ ഉണ്ടാക്കുന്നില്ലെന്നതു പോട്ടെ ഉള്ള വാക്കുകൾ തന്നെ കൊന്നു കളയുന്നത് വലിയ പാതകം തന്നെയാണ്.

കൊല്ലാനുള്ള അധികാരം അവിടെ നിൽക്കട്ടെ. ആർക്കാണ് മലയാളം വാക്കുകൾ ഉണ്ടാക്കാനുള്ള അധികാരം? സാംസ്കാരികവകുപ്പിനാണോ? അവരെ ഏൽപ്പിയ്ക്കാതിരിയ്ക്കുകയാണ് ഭേദം. പശുവളർത്തലുകാരനെ 'ക്ഷീരകർഷക'നാക്കിയത് അവരാണല്ലോ.

പിന്നെ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിനാണോ? അവർ പദനിർമ്മാണത്തിനു പുറപ്പെട്ട് സംസ്കൃതത്തിനും ഇംഗ്ലീഷിനും ഇടയിൽക്കിടന്ന് നട്ടം തിരിയുകയല്ലേ ഉണ്ടായത്? സ്വിച്ചിന് 'വൈദ്യുതിഗമനാഗമനിയന്ത്രകം' പോലുള്ള അണ്ഡകടാഹങ്ങളല്ലല്ലോ നമുക്കാവശ്യം. അതേസമയം സ്വിച്ച് ഓൺ ആക്കിയെന്നതിന് സ്വിച്ചുക, സ്വിച്ചി, സ്വിച്ചണം തുടങ്ങി അങ്ങേയറ്റം ആഭാസമായ ക്രിയാരൂപങ്ങളും കണ്ടെത്തി. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഉണ്ടാക്കിയെടുത്ത ഒരു വാക്കു പോലും ഇന്ന് പ്രചാരത്തിലുണ്ടെന്നു തോന്നുന്നില്ല.

ഇനി തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാലയാണോ? അവരുടെ പ്രവർത്തന പദ്ധതികളിൽ അത് ഉൾപ്പെടുമോ? അറിയില്ല.

അതിലൊന്നും കാര്യമില്ല എന്നാണ് തോന്നുന്നത്. അതിന് സർക്കാർ ഏജൻസികളെയല്ല ഏൽപിയ്ക്കേണ്ടത്. മലയാളം കംപ്യൂട്ടിങ്ങ് രംഗത്തുണ്ടായ മുന്നേറ്റം ഒരു സർക്കാർ ഏജൻസിയും ഉണ്ടാക്കിയതല്ലല്ലോ. അതുകൊണ്ട് ഇവിടെയും അത്തരം ഒരു സമീപനമാണ് അഭികാമ്യം എന്നു തോന്നുന്നു. മലയാളത്തിലുള്ള വാക്കുകളേ എഴുതൂ എന്ന് എഴുത്തുകാർ കുറച്ചു നിർബ്ബന്ധം കാണിച്ചാൽ മതി. ഷാജി ചെന്നൈ ഒരുദാഹരണമാണ്. തമിഴ് നാട്ടിൽ ജീവിയ്ക്കുന്ന ആളായതുകൊണ്ടും മലയാള ഭാഷയോടുള്ള അടങ്ങാത്ത സ്നേഹം കൊണ്ടും മലയാളമേ എഴുതൂ എന്ന് അദ്ദേഹത്തിനു നിർബ്ബന്ധമുണ്ട്. അദ്ദേഹത്തിന്റെ ലേഖനങ്ങളുടെ മനോഹാരിതയ്ക്ക് അതിനും വലിയ ഒരു പങ്കുണ്ട്. Entry Pass-ന് കടത്തു ശീട്ട് എന്നും Ghost Singerക്ക് നിഴൽപ്പാട്ടുകാരൻ എന്നും Ghost Writer-റ് കൂലിയെഴുത്തുകാരൻ എന്നും Receptionist-ന് വരവേൽപ്പുകാരി എന്നും അദ്ദേഹം എഴുതിക്കണ്ടപ്പോൾ ശരിയ്ക്കും കോരിത്തരിച്ചുപോയി.

പക്ഷേ ഒരു ലേഖനത്തിൽ Librarian-ന് വായനശാലാപാലകൻ എന്നു പ്രയോഗിച്ചത് കുറച്ചു കടുപ്പമായിത്തോന്നി. വായനശാലക്കാരൻ എന്നു മതിയായിരുന്നു. ഉണ്ടാക്കിയെടുക്കുന്ന വാക്കുകളിൽ സംസ്കൃതം കടന്നാൽ അതു നമ്മുടെ നാവിനു വഴങ്ങില്ല. Chandelier എന്ന വാക്കിനുള്ള മലയാളമായ ബഹുശാഖാദീപം എന്ന വാക്ക് ഉദാഹരണം. വേഗപ്പൂട്ടിന്റെ കാര്യം ആദ്യം പറഞ്ഞുവല്ലോ. അതിന് മാതൃഭൂമി കണ്ടെത്തിയ വാക്ക് വേഗമാനകം എന്നായിരുന്നു. അത് എത്രയോ വേഗം ഉപേക്ഷിയ്ക്കപ്പെടുകയും മനോരമയുണ്ടാക്കിയ വേഗപ്പൂട്ട് സ്വീകരിയ്ക്കപ്പെടുകയും ചെയ്യാനുള്ള കാരണം അതാണ്. ചെരിപ്പ് എന്ന നല്ല മലയാളം വാക്കുള്ളപ്പോൾ പാദരക്ഷ എന്നോ പാദുകം എന്നോ എഴുതിയാലേ ചിലർക്കു തൃപ്തി വരൂ.

ഇംഗ്ലീഷും സംസ്കൃതവും കൂടിച്ചേർന്നാലും കല്ലു കടിയ്ക്കും. 'ഇന്നിങ്ങ്സ് പരാജയം' പരാജയമാവുന്നത് അതുകൊണ്ടാണ്. എന്താണതിന്റെ അപാകതയെന്ന് അന്നെ

നിയ്ക്കു  പിടി കിട്ടിയതേയില്ല. ഒരുപക്ഷേ 'ഇന്നിങ്ങ്സ് തോൽവി' എന്നാണ് ഞാൻ പറഞ്ഞിരുന്നതെങ്കിൽ അയാൾ ചിരിയ്ക്കുമായിരുന്നില്ല എന്ന് പിന്നീടെനിയ്ക്കു തോന്നി. ചരിത്രപേടകത്തിനു പകരം ചരിത്രച്ചെപ്പായിരുന്നെങ്കിലും അങ്ങനെത്തന്നെ. പത്രഭാഷയുണ്ടാക്കുന്ന വിനകൾ!

സംസ്കൃതവും ഇംഗ്ലീഷുമല്ലാതെ നല്ല മലയാളിത്തമുള്ള വാക്കുകളാണ് നമുക്ക് ആവശ്യം. ഉദാഹരണം റാന്തൽ തന്നെ. Lantern എന്ന വാക്കിൽനിന്നുണ്ടായ  ലാന്തറായിരുന്നു അതിന്റെ ആദ്യരൂപം. ഉറൂബിന്റെ 'സുന്ദരികളും സുന്ദരന്മാരും' എന്ന നോവലിൽ ആ വാക്കു കാണാം. പിന്നെ അതെപ്പോഴാണ് റാന്തലായത് എന്നറിയില്ല. പക്ഷേ എത്ര ഭംഗിയുള്ള മലയാളം വാക്കായി മാറി അത്!

പത്രങ്ങൾ മുൻകൈ എടുക്കണം എന്നു പറയാൻ കാരണമുണ്ട്. എഴുത്തുകാർക്ക് പരിമിതിയുണ്ട്. കുഞ്ഞുക്കുട്ടൻ തമ്പുരാന്റെ മഹാഭാരതത്തിൽ പാഞ്ചാലി രജസ്വലയായ കാര്യം പലവട്ടം പറഞ്ഞിട്ടുണ്ടെങ്കിലും അത് ഒട്ടും പ്രചാരത്തിലായില്ലല്ലോ.  സാഹിത്യം എത്തിപ്പെടുന്നത് ഒരു ന്യൂനപക്ഷത്തിന്റെ അടുത്താണ്. മാത്രമല്ല അര നൂറ്റാണ്ടു മുമ്പ് പുസ്തകങ്ങൾക്കുണ്ടായിരുന്ന സ്വാധീനം ഇന്ന് ഇല്ലെന്നു വേണം കരുതാൻ.  പ്രയോഗം പടർന്നുപിടിയ്ക്കാനും വേരോടാനും മാത്രം സ്വാധീനം ഇന്ന് സാഹിത്യത്തിനില്ല. അതേസമയം ഏറ്റവും കൂടുതൽ ഇന്ന് വായിയ്ക്കപ്പെടുന്നത് പത്രങ്ങളാണ്. അതുകൊണ്ട് ആ ദൗത്യം പത്രങ്ങൾക്കല്ലേ നിറവേറ്റാൻ കഴിയുക?

ഇവിടെ ഒരനുബന്ധമുണ്ട്. പത്രങ്ങൾക്ക് ഇന്നുള്ള അപ്രമാദിത്വം ഇനി എത്ര കാലമുണ്ടാവും എന്ന ചോദ്യമാണ് അത്. ഇന്നത്തെ യുവാക്കളിൽ എത്ര ശതമാനം പത്രം വായിയ്ക്കുന്നുണ്ട്? തന്റെ രണ്ടു മക്കളും പത്രങ്ങളുടെ ഓൺലൈൻ പതിപ്പുകളാണ് വായിയ്ക്കാറെന്ന് പ്രസിദ്ധ മാധ്യമപ്രവർത്തകൻ ശശികുമാർ പറഞ്ഞിട്ടുണ്ടല്ലോ. ഇന്നു കാണുന്ന രീതിയിലുള്ള പത്രങ്ങൾ ഇനി എത്രകാലം ഉണ്ടാവും എന്ന ഒരാശങ്ക നിലനിൽക്കുന്നുണ്ട്. അപ്പോൾ പത്രങ്ങൾക്കാണ് ആ ദൗത്യം ഏറ്റെടുക്കാൻ കഴിയുക എന്നു പറയുന്നത് ശരിയാവുമോ? ആവില്ല എന്നു തന്നെയാണ് ഉത്തരം.

അതേസമയം യുവതലമുറയെ ഏറ്റവും കൂടുതൽ സ്വാധീനിച്ചിട്ടുള്ളത് നവമാധ്യമങ്ങളാണ്. ഫെയ്സ് ബുക്കും വാട്സാപ്പും ഉദാഹരണം. ഇന്ന് പത്രവായന മാത്രമല്ല എല്ലാത്തരം വായനയും ഈ രണ്ട് മാധ്യമങ്ങളിലൂടെയാണ് എന്നു തന്നെ പറയണം. ഇപ്പോൾ പലേ വാർത്തകൾ പോലും അറിയുന്നത് വാട്സാപും ഫെയ്സ് ബുക്കും വഴിയാണല്ലോ.

ഒരുപക്ഷേ ഭാഷയുടെ ഇനിയുള്ള വളർച്ച വാട്സാപ് പോലുള്ള ആപ്ലിക്കേഷനുകളിലൂടെയായിരിയ്ക്കും. പത്രത്തേക്കാൾ പാരസ്പര്യം ഉള്ളതുകൊണ്ട്  വളർച്ചയുടെ വേഗം കൂടാനും വഴിയുണ്ട്. ബുദ്ധിപരവും നർമ്മരസപ്രധാനവുമായ നിരവധി സൃഷ്ടികൾ ഇന്ന് ഈ രണ്ടു മാധ്യമങ്ങളിൽ നടക്കുന്നുണ്ട്. പുതിയ വാക്കുകളും പ്രയോഗങ്ങളും ഉണ്ടാവുന്നുമുണ്ട്.  ഇംഗ്ലീഷോ മലയാളമോ എന്ന് ഉറപ്പില്ലാത്ത 'പ്ലിങ്ങ്' എന്ന ഒരു വാക്ക് വാട്സാപ് വഴി ഇപ്പോൾ പ്രചാരത്തിലായിട്ടുണ്ടല്ലോ.

ഇത്തരം മാധ്യമങ്ങൾക്ക് ആയുസ്സു കുറവാണ് എന്നത് ഒരു പോരായ്മയായി കാണേണ്ടതില്ല. ഒന്ന് അരങ്ങൊഴിയുമ്പോൾ മറ്റെന്തെങ്കിലും പകരമായെത്തും. ഫെയ്സ് ബുക് എന്ന കൂടുതൽ ഫലപ്രദമായ ഒന്നിന് വഴിയൊരുക്കിക്കൊടുത്തിട്ടാണല്ലോ ഓർക്കൂട്ട് തിരോഭവിച്ചത്.

ഇനിയുള്ള കാലവും ലോകത്തെമ്പാടുമുള്ളവർ പരസ്പരം ആശയവിനിമയം ചെയ്തുകൊണ്ടേയിരിയ്ക്കുമെന്നു തീർച്ച. അതുവഴി ഭാഷയ്ക്ക് പുതിയ വാക്കുകൾ ഉണ്ടായിക്കൊള്ളും. പല രാജ്യങ്ങളിലുമുള്ളവർ പങ്കു കൊള്ളുമ്പോൾ അത് സാർവ്വദേശീയതയുടെ അംശങ്ങൾ ഉൾക്കൊള്ളുകയും ചെയ്യും.

പക്ഷേ ഒന്നുണ്ട്. ഈ ആശയവിനിമയം മലയാളത്തിലായിരിയ്ക്കണം. ഫെയ്സ് ബുക്കിലും വാട്സാപ്പിലും മലയാളികളുടെ വിനിമയഭാഷ മുഴുവനായും മലയാളമായിട്ടില്ല. അതിന് മലയാളം കംപ്യൂട്ടിങ്ങ് സ്വായത്തമാക്കാനുള്ള നമ്മുടെ വൈമുഖ്യം മാറിവരേണ്ടതുണ്ട്.

**(ഭാഷാപോഷിണി, ഡിസംബർ 2015)**